**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1276** **19-09-2025 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യു.ഡി. റോഡുകളുടെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ കേരളത്തിൽ എത്ര കിലോമീറ്റർ പി.ഡബ്ല്യൂ.ഡി. റോഡ് പരിഷ്ക്കരിച്ചിട്ടുണ്ടെന്നും ഇനിയും എത്ര കിലോമീറ്റർ റോഡ് പരിഷ്ക്കരിക്കാനുണ്ടെന്നും അറിയിക്കാമോ? | (എ) | **നിരത്തുകൾ**<br><br>2016 മുതൽ നാളിതുവരെ 12462.56 കി. മീറ്റർ റോഡുകൾ ബി.എം. & ബി.സി നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ബി.എം. & ബി.സി നിലവാരത്തിലേക്ക് ഉയർത്താൻ 11273.04 കി. മീറ്റർ റോഡുകൾ ഉണ്ട്. ഇതിൽ 10937.207 കി. മീറ്റർ റോഡുകൾ നിലവിലെ ഉപരിതല നവീകരണത്തിലൂടെ സഞ്ചാര യോഗ്യമാക്കി നിലനിർത്തി വരുന്നു. ഫണ്ട് ലഭ്യതയും ആവശ്യകതയും അനുസരിച്ച് ആയവ ഉന്നത നിലവാരത്തിൽ നവീകരിക്കുന്നതാണ്.<br><br>**കെ.എസ്.ടിപി**<br><br>2016 മുതൽ നാളിതുവരെ കെ.എസ്.ടിപി 863.358 കിമീ റോഡ് പരിഷ്കരിച്ചിട്ടുണ്ട്.<br><br>**നിരത്തുപരിപാലനം**<br><br>നിലവിൽ OPBRC പാക്കേജിൽ ഉൾപ്പെടുത്തി 45.812 കി. മീ B. C നിലവാര ത്തിൽ പരിഷ്കരിച്ചിട്ടുണ്ട്.<br><br>**ദേശീയപാത**<br><br>ദേശീയപാത വിഭാഗത്തിൻറെ കീഴിലുള്ള വകുപ്പ് ദേശീയപാതകളെല്ലാംതന്നെ BM & BC നിലവാരത്തിലുള്ളവയാണ്. 2016 മുതൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻറെ കീഴിൽ State fund/CRIF പദ്ധതിയിൽ ഉൾപ്പെടുത്തി 1523.664 കി.മീ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിച്ചു. കൂടാതെ നിലവിൽ BM & BC നിലവാരത്തിലുള്ള ദേശീയപാതകൾ MORTH ഫണ്ട് മുഖേന 758.4327 കി.മീ. റോഡുകൾ ബലപ്പെടുത്തൽ പ്രവൃത്തി പൂർത്തിയാക്കി. CRIF fund |

| | | | |
|---|---|---|---|
| | | | മുഖേന റോഡ് പരിഷ്കരിക്കുന്ന പ്രവൃത്തി നിലവിൽ 241.20 കി.മീ. റോഡുകളിൽ നടത്തിവരുന്നു.<br><br>**കെ.ആർ.എഫ്.ബി**<br><br>2016 മുതൽ നാളിതുവരെ കേരള റോഡ് ഫണ്ട് ബോർഡ്<br><br>പരിഷ്കരിച്ചിട്ടുള്ള റോഡ് – ആകെ – 42.091 കി.മി.<br><br>പരിഷ്കരിക്കാനുള്ള റോഡ് – ആകെ – 111.999 കി.മി.<br><br>**കെ.ആർ.എഫ്.ബി.- പി.എം.യു**<br><br>കെ.ആർ.എഫ്.ബി-പി.എം.യു മുഖേന (ബി. എം. & ബി. സി., FDR, തീരദേശ ഹൈവേ, മലയോര ഹൈവേ, എയർപോർട്ട് കണക്ടിവിറ്റി റോഡുകൾ ഉൾപ്പെടെ) 3544.712 കിമീ റോഡ് പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>**റിക്ക് ലിമിറ്റഡ്**<br><br>റിക്ക് ലിമിറ്റഡിന് കീഴിൽ 2017-18 കാലയളവിൽ 83 കി മീ റോഡുകൾ ബി.എം & ബി.സി ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ